(സി) പ്രവർത്തനമാരംഭിച്ച ഏതെങ്കിലും സെന്ററുകൾ പിന്നീട് പ്രവർത്തനം അവസാനിപ്പിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നല്കുമോ ;

(ഡി) അനുവദിച്ച സെന്ററുകൾ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ 5 മെഡിക്കൽ കോളേജുകളും 27 സർക്കാർ ആശുപത്രികളും ഡയാലിസിസ് യൂണിറ്റുകൾ സ്ഥാപിക്കാൻ തെരഞ്ഞെടുക്കപ്പെട്ടിരുന്നു. ഇതിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിലും താമരശ്ശേരി താലൂക്ക് ആശുപത്രിയിലും ഡയാലിസിസ് യൂണിറ്റ് പ്രവർത്തനം തുടങ്ങിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ 5 മെഡിക്കൽ കോളേജുകളും 27 ജില്ല/താലൂക്ക്തല ആശുപത്രികളും ഡയാലിസിസ് യൂണിറ്റുകൾ സ്ഥാപിക്കാൻ തെരഞ്ഞെടുക്കപ്പെട്ടിരുന്നു. 27 ജില്ല/താലൂക്ക്തല ആശുപത്രികളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കാരുണ്യ ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനം 11-7-2013 മുതൽ പൂർണ്ണമായ രീതിയിൽ ആരംഭിച്ചിട്ടുണ്ട്. ആലപ്പുഴ മെഡിക്കൽ കോളേജ്, കോഴിക്കോട് മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ ഡയാലിസിസ് സെന്ററുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. തൃശ്ശൂർ മെഡിക്കൽ കോളേജിലെ ഡയാലിസിസ് . സെന്ററിന്റെ നിർമ്മാണം തുടങ്ങുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

(സി) ഇല്ല.

(ഡി) ഡയാലിസിസ് സെന്ററുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് ചില സാങ്കേതിക പ്രശ്നങ്ങൾ ഉണ്ടായിട്ടുള്ളതിനാൽ ഇത് പരിഹരിക്കുന്ന മുറയ്ക്ക് ബാക്കിയുള്ള ഡയാലിസിസ് സെന്ററുകൾ പ്രവർത്തനം ആരംഭിക്കുന്നതാണ്.

കോഴിക്കോട് ജില്ലയിലെ കാരുണ്യ ബെനവലന്റ് ഫണ്ട്

123 (3632) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും ധനസഹായം ലഭിക്കുന്നതിന് കോഴിക്കോട് ജില്ലയിൽ നിന്നും സമർപ്പിക്കപ്പെട്ടിട്ടുള്ള എത്ര അപേക്ഷകൾ കെ.ബി.എഫ്. സ്റ്റേറ്റ് ലെവൽ കമ്മിറ്റിയിൽ തീർപ്പാക്കാതെ നിലനിൽക്കുന്നുണ്ട്; മറ്റു ജില്ല തിരിച്ചുള്ള കണക്കും ലഭ്യമാക്കുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത കമ്മിറ്റിയിൽ തീർപ്പാക്കാതെ നിൽക്കുന്ന കോഴിക്കോട് ജില്ലയിൽ നിന്നുള്ള അപേക്ഷകരുടെ പേര്, മേൽവിലാസം, ഫയൽ നമ്പർ എന്നിവ ഉൾപ്പെടെയുള്ള വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) ചികിൽസാ ധനസഹായത്തിന് 29-11-2015 വരെയുള്ള അപേക്ഷകൾ കാരുണ്യ ബെനവലന്റ് ഫണ്ട് സംസ്ഥാനതല കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. അതിനുശേഷം 5 അപേക്ഷകൾ മാത്രമേ കോഴിക്കോട് ജില്ലാതല കമ്മിറ്റി അംഗീകരിച്ച് വന്നിട്ടുള്ളൂ. മറ്റ് ജില്ലകളിലെ കണക്ക് അനുബന്ധം-എ ആയി ചേർക്കുന്നു.*

(ബി) ലിസ്റ്റ് അനുബന്ധം - ബി ആയി ചേർക്കുന്നു.*

ലീഗൽ സർവ്വീസസ് സൊസൈറ്റി വഴി അദാലത്തുകൾ

124 (3633) ശ്രീ. പി. എ. മാധവൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലീഗൽ സർവ്വീസസ് സൊസൈറ്റി വഴി അദാലത്തുകൾ നടത്തുന്നതിന് എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്;

(ബി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

ഉത്തരം

(എ) സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റികളും താലൂക്കുകളിൽ താലൂക്ക് ലീഗൽ സർവ്വീസസ് കമ്മിറ്റികളും ഹൈക്കോടതിയിലെ കേസുകൾക്കുവേണ്ടി ഹൈക്കോടതി ലീഗൽ സർവ്വീസസ് കമ്മിറ്റിയും സംസ്ഥാന അടിസ്ഥാനത്തിൽ കേരള സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റിയും നിലവിലുണ്ട്. നാഷണൽ ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ നിർദ്ദേശ പ്രകാരം കേരള സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ നേതൃത്വത്തിൽ ജില്ലാ തലത്തിലും താലൂക്ക് തലത്തിലും ഹൈക്കോർട്ട് ലീഗൽ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly